**മേലെഴുത്ത് നം.C1/37795/23/ഡി.ടി.ഇ ,13.03.2024**

2024 മാർച്ചിൽ നടക്കുന്ന THSLC പരീക്ഷയുമായി ബന്ധപ്പെട്ട് ഗ്രേസ് മാർക്കിന് അർഹത നേടിയ വിദ്യാർഥികളുടെ വിവരങ്ങൾ ഓൺ ലൈൻ ആയി അപ് ലോഡ് ചെയ്യുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും പുറത്തിറക്കിയിരിക്കുന്നു. ആയത് എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുടെയും, SITTTR ജോയിൻറ് ഡയറക്ടറുടേയും ടി.എച്ച്.എസ്.എൽ.സി പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായി ഉള്ളടക്കം ചെയ്യുന്നു.

ഡോ. രാമചന്ദ്രൻ എം

സീനിയർ ജോയിൻറ് ഡയറക്ടർ

പകർപ്പ്: 1) ജോയിൻറ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച്,

കളമശ്ശേരി

2) എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ മേധാവികൾക്കും

**Approval Valid**

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 13.03.2024
Reason: Approved

Draft #17 of File C1/37795/23/DTE Approved by Senior Joint Director (PS) on 13-Mar-2024 05:48 PM - Page 1

The document is digitally approved. Hence signature is not needed.

Draft #17 of File C1/37795/23/DTE Approved by Senior Joint Director (PS) on 13-Mar-2024 05:48 PM - Page 2

നം. ഇ.എക്സ്/സിജിഎൽ(4)/900/2024/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ,പൂജപ്പുര,
തിരുവനന്തപുരം–12
തീയതി: 06/03/2024

# സർക്കുലർ

വിഷയം:– എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, എസ്.എസ്.എൽ.സി. (എച്ച്.ഐ), ടി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ) പരീക്ഷ മാർച്ച് 2024– ഗ്രേസ് മാർക്കിന് അർഹത നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന:– 16.10.2023 ലെ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, എസ്.എസ്.എൽ.സി.(എച്ച്.ഐ), ടി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ) പരീക്ഷാ വിജ്ഞാപനം.

2024–ലെ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, എസ്.എസ്.എൽ.സി. (എച്ച്.ഐ), ടി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ) പരീക്ഷകളിൽ ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ അതാത് സ്കൂളുകളിൽ നിന്ന് പരീക്ഷാഭവന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ ആയിട്ടാണ് അപ്‌ലോഡ് ചെയ്യേണ്ടത്. **02/04/2024 മുതൽ 11/04/2024** വരെ ഇതിനുള്ള സൗകര്യം ഉണ്ടായിരിക്കും. എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ അപ്‌ലോഡ് ചെയ്ത വിവരങ്ങൾ അടങ്ങിയ പ്രിന്റൗട്ട് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്കും, പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും, എൻ.സി.സി ബെറ്റാലിയൻ ഓഫീസർക്കും സ്കൂളുകളിൽ നിന്നും സമർപ്പിക്കേണ്ടതാണ്. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത വിവരങ്ങൾ അടങ്ങിയ സ്കൂളുകളിൽ നിന്നുള്ള പ്രിന്റൗട്ടും, സർട്ടിഫിക്കറ്റിന്റെ പ്രഥമാദ്ധ്യാപകർ സാക്ഷ്യപ്പെടുത്തിയ കോപ്പികളുമായി ഒത്തുനോക്കി പരിശോധിച്ച് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരും, സ്പോട്സ്&ഗെയിംസ്, സി.എസ്.സി (ദേശീയ/ സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്), സതേൺ ഇന്ത്യ സയൻസ് ഫെയർ വിഭാഗങ്ങളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുമാണ് അന്തിമമായി ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. സ്റ്റുഡൻസ് പോലീസ് വിഭാഗത്തിൽ ഗ്രേസ് മാർക്കിന് അർഹരായവരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്തതിനു ശേഷം പ്രിന്റൗട്ട് പ്രഥമാദ്ധ്യാപകർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി ഒപ്പിടേണ്ടതും, സ്റ്റുഡന്റസ് പോലീസ് ലേസൺ ഓഫീസർ (സി.ഐ. ഓഫ് പോലീസ്), ഡിസ്ട്രിക്റ്റ് നോഡൽ ഓഫീസർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്. പ്രസ്തുത പ്രിന്റൗട്ട് ആവശ്യമായ രേഖകൾ സഹിതം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഗ്രേസ് മാർക്കുമായി ബന്ധപ്പെട്ട് ഓരോ തലത്തിലും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു.

Draft #17 of File C1/37795/23/DTE Approved by Senior Joint Director (PS) on 13-Mar-2024 05:48 PM - Page 3

## I. പരീക്ഷാഭവൻ വെബ്സൈറ്റിലേയ്ക്ക് സ്കൂളിൽ നിന്ന് ഗ്രേസ്മാർക്കിന് അർഹതയുള്ള വിദ്യാർത്ഥി വിവരങ്ങൾ അപ്‌ലോഡ് ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ.

1. iExaMSപോർട്ടലിൽ (www.sslcexam.kerala.gov.in) HM login-ൽ Grace Mark entry ലിങ്കിലൂടെയാണ് ഗ്രേസ്മാർക്ക് അർഹതയുള്ള വിദ്യാർത്ഥി വിവരങ്ങൾരേഖപ്പെടുത്തേണ്ടത്.
2. ഗ്രേസ് മാർക്ക് നൽകേണ്ട വിദ്യാർത്ഥിയുടെ രജിസ്റ്റർ നമ്പർ കൊടുത്ത് OK Click ചെയ്യുമ്പോൾ ആ രജിസ്റ്റർ നമ്പറിന്റെ Details വരുന്നതാണ്.
3 വിദ്യാർത്ഥിയുടെ പേരും വിവരങ്ങളും ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പു വരുത്തിയശേഷം ഏത് വിഭാഗത്തിലാണ് ഗ്രേസ് മാർക്ക് നൽകേണ്ടത് എന്നത് select ചെയ്ത് ഗ്രേഡും (ബാധകമായതിനു മാത്രം) നൽകണം
4. Participation മാത്രമുള്ളവർ ഗ്രേഡ് NIL ആണ് select ചെയ്യേണ്ടത്
5. Details എല്ലാം verify ചെയ്ത് ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം Save Button Click ചെയ്യുക.
6. Save ചെയ്ത Details താഴെയുള്ള Table-ൽ കാണാവുന്നതാണ്. Manage എന്ന കോളത്തിലെ icon ൽ click ചെയ്ത് Edit  ചെയ്യാവുന്നതാണ്.
7. ഏതെങ്കിലും വിദ്യാർത്ഥിയുടെ Entry Delete ചെയ്യണമെങ്കിൽ Delete button ഉപയോഗിച്ച് Delete ചെയ്യാവുന്നതാണ്.
8. എല്ലാ കുട്ടികളുടെയും ഗ്രേസ് മാർക്ക് എൻട്രി ചെയ്ത ശേഷം Report എടുക്കുന്നതിനു വേണ്ടി Generate Report എന്ന ബട്ടണിൽ click ചെയ്യുക. തുടർന്ന് വരുന്ന window യിൽ രണ്ട് options ലഭിക്കും.
    1. **Get Individuals Reports** : ഇതിൽ Item select ചെയ്ത് View Button Click  ചെയ്താൽ select ചെയ്ത Individuals Item ലെ എല്ലാ കുട്ടികളുടെയും list കാണാം.
    2. **Get All Reports** : View Button Click ചെയ്യുമ്പോൾ Enter ചെയ്ത മുഴുവൻ കുട്ടികളുടേയും Details വരും.
9. NCC, ബാലശാസ്ത്ര കോൺഗ്രസ്, സതേൺ ഇന്ത്യ സയൻസ് ഫെയർ, സ്പോർട്സ് & ഗെയിംസ് എന്നിവ ഒഴികെ ഓരോ വിഭാഗത്തിന്റെയും പ്രത്യേകം പ്രിന്റ് എടുത്ത് (Individual) സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പികളോടൊപ്പം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസുകളിൽ **12/04/2024** വൈകിട്ട് 5 മണിക്കു മുമ്പ് എത്തിക്കേണ്ടതാണ്.

10. Sports & Games  വിഭാഗങ്ങളിലെ കമ്പ്യൂട്ടർ പ്രിന്റൗട്ടും സർട്ടിഫിക്കറ്റിന്റെ പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ കോപ്പികളും സ്കൂളുകളിൽ നിന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം - 14 എന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്. ദേശീയ/സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ് (S/CSC)- ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ ഓൺലൈനിൽ രേഖപ്പെടുത്തി ലഭിക്കുന്ന പ്രിന്റ്ഔട്ടിനോടൊപ്പം ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം സ്കൂൾ പ്രഥമാദ്ധ്യാപകരുടെ ശുപാർശയോടു കൂടി ചുവടെ സൂചിപ്പിക്കുന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്. ‘‘സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എൻ.സി.എസ്.സി,  കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവിറോൺമെന്റ്, ശാസ്ത്രഭവൻ, പട്ടം പി.ഒ, തിരുവനന്തപുരം-695 004’’. ശാസ്ത്രഭവനിൽ നിന്നും ശുപാർശ ലഭിക്കുന്ന അപേക്ഷകൾക്ക് മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളൂ.

11. സതേൺ ഇന്ത്യ സയൻസ് ഫെയറിന്റെ ഗ്രേസ് മാർക്കിനുള്ള  അപേക്ഷകൾ ഓൺലൈനിൽ രേഖപ്പെടുത്തി ലഭിക്കുന്ന പ്രിന്റൗട്ടിനോടൊപ്പം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം പ്രഥമാധ്യാപകരുടെ ശുപാർശയോടുകൂടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.  വിലാസം ചുവടെ ചേർക്കുന്നു. **പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം.**

12. NCC ക്കുള്ള ഗ്രേസ് മാർക്കുകളുടെ കമ്പ്യൂട്ടർ പ്രിന്റൗട്ട് വെവ്വേറെ എടുത്ത് ANO,HM എന്നിവർ ഒപ്പിട്ട ശേഷം പേരിന്റെ അവസാന ഭാഗത്ത് ടിക്ക് മാർക്ക് ചെയ്യാതെ അതാത് Commanding Battalion Office-ൽ കൈമാറേണ്ടതാണ്.  ബറ്റാലിയൽ ഓഫീസർ പ്രിന്റൗട്ടിലെ ഓരോ പേരിന്റെയും അവസാന ഭാഗത്ത് (V) മാർക്ക് ചെയ്ത ശേഷം **12/04/2024** ന് മുമ്പായി പ്രിന്റൗട്ട് അതാത് ഡെപ്യൂട്ടി  ഡയറക്ടർ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

13. ടി.എച്ച്.എസ്.എൽ.സി സ്കൂളുകൾ iExaMS പോർട്ടലിൽ SUPDT/ PRINCIPAL ലോഗിനിൽ ലഭ്യമായിട്ടുള്ള ഗ്രേസ് മാർക്ക് എൻട്രി ലിങ്കിലൂടെ **02/04/2024 മുതൽ 11/04/2024** വരെ വിവരങ്ങൾ



Draft #17 of File C1/37795/23/DTE Approved by Senior Joint Director (PS) on 13-Mar-2024 05:48 PM - Page 4

ഓൺലൈനായി സമർപ്പിക്കണം. ടെക്നിക്കൽ ഹൈസ്കൂളുകൾ മേൽ പറഞ്ഞ രേഖകൾ **12/04/2024**-നു മുമ്പായി സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർക്കാണ് നൽകേണ്ടത്.

## II വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

മുൻ വർഷങ്ങളിൽ ഗ്രേസ് മാർക്ക് അനുവദിച്ച വിഭാഗങ്ങളിൽ ഡെപ്യൂട്ടി ഡയറക്ടർ തന്നെയാണ് ഈ വർഷവും അന്തിമമായി ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. NCC Grace Mark-കൂടി അതാത് ഡെപ്യൂട്ടി ഡയറക്ടറാണ് അനുവദിക്കേണ്ടത്. ഇതിനായി സ്കൂളുകളിൽ നിന്ന് അതാത് ബറ്റാലിയൻ ഓഫീസുകളിൽ പരിശോധനയ്ക്കായി സമർപ്പിക്കുന്ന കമ്പ്യൂട്ടർ പ്രിന്റൗട്ട് ഡെപ്യൂട്ടി ഡയറക്ടർ യഥാസമയം സ്വീകരിക്കേണ്ടതും രേഖകൾ പരിശോധിച്ച് ഗ്രേസ്മാർക്ക് അനുവദിക്കേണ്ടതുമാണ്. ഗ്രേസ്മാർക്ക് അനുവദിക്കുന്നതിന് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രവേശിച്ച് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുമാണ്.

1. www.sslcexam.kerala.gov.in എന്ന വെബ്സൈറ്റി - ൽ പ്രവേശിച്ച് Department login ൽ User ID യും Password ഉം കൊടുത്ത് login ചെയ്യുക.
2. ലഭിക്കുന്ന Window യിൽ Verify ചെയ്യാനും Print എടുക്കാനുമുള്ള സൗകര്യങ്ങൾ ഉണ്ട്.
3. സ്കൂളുകളിൽ നിന്ന് അപ്‌ലോഡ് ചെയ്ത ഗ്രേസ് മാർക്ക് രണ്ട് തരത്തിൽ Verify ചെയ്യാവുന്നതാണ്. Individual ആയി രജിസ്റ്റർ നമ്പർ കൊടുത്തും സ്കൂൾ കോഡ് മുഴുവൻ കുട്ടികളേയും ഒരു Window യിൽ ലഭ്യമാക്കി Verify ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ട്. ഇതിൽ അനുയോജ്യമായത് തെരഞ്ഞെടുക്കാവുന്നതാണ്.
4. Verify ചെയ്യുമ്പോൾ വിഭാഗം (Grace Mark, Maximum Mark ബാധകമായവർക്ക് മാത്രം) ഇവ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. Report എടുക്കുന്നതിനായി 2 സംവിധാനങ്ങളാണ് ഉള്ളത്.

**A പ്രത്യേക വിഭാഗങ്ങൾ തിരിച്ചുള്ള Report**

**B Get All Reports**

**18/04/2024** -ന് വൈകുന്നേരം **5** മണിക്ക് മുമ്പായി ഓൺലൈനായി ഗ്രേസ്മാർക്ക് പരിശോധന പൂർത്തീകരിക്കേണ്ടതാണ്. എസ്.എസ്.എൽ.സി. ഗ്രേസ് മാർക്ക് ഓൺലൈൻ വെരിഫിക്കേഷൻ കൃത്യതയോടെ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.



Draft #17 of File C1/37795/23/DTE Approved by Senior Joint Director (PS) on 13-Mar-2024 05:48 PM - Page 5

Draft #17 of File C1/37795/23/DTE Approved by Senior Joint Director (PS) on 13-Mar-2024 05:48 PM - Page 6

## പൊതു വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ നിന്ന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ

Sports & Games, ബാലശാസ്ത്ര കോൺഗ്രസ്, സതേൺ ഇന്ത്യ സയൻസ് ഫെയർ എന്നീ വിഭാഗങ്ങളിൽ സ്കൂളുകളിൽ നിന്ന് വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്ത വിവരങ്ങൾ സർട്ടിഫിക്കറ്റിന്റെ പ്രഥമാദ്ധ്യാപകർ സാക്ഷ്യപ്പെടുത്തിയ കോപ്പിയും കമ്പ്യൂട്ടർ പ്രിന്റൗട്ടുമായി ഒത്തു നോക്കി പരിശോധിച്ച് ഗ്രേസ് മാർക്ക് അനുവദിക്കേണ്ടത് വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ നിന്നാണ്. ഇതിനായി പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രവേശിച്ച് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

1. www.sslcexam.kerala.gov.in എന്നവെബ്സൈറ്റി -ൽ പ്രവേശിച്ച് Department login ൽ User ID യും Password ഉം കൊടുത്ത് login ചെയ്യുക.
2. ലഭിക്കുന്ന Window യിൽ Verify ചെയ്യാനും Print എടുക്കാനുമുള്ള സൗകര്യങ്ങൾ ഉണ്ട്.
3. സ്കൂളുകളിൽ നിന്ന് അപ്‌ലോഡ് ചെയ്ത ഗ്രേസ് മാർക്ക് നാല് തരത്തിൽ Verify ചെയ്യാവുന്നതാണ്. Individual, Group, School Wise, Register Number Wise ഇതിൽ അനുയോജ്യമായത് തെരഞ്ഞെടുക്കാവുന്നതാണ്.
4. Verify ചെയ്യുമ്പോൾ വിഭാഗം (Grace Mark, Maximum Mark ബാധകമായവർക്ക് മാത്രം) ഇവ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. Report എടുക്കുന്നതിനായി 2 സംവിധാനങ്ങളാണ് ഉള്ളത്.
   a. **Individual Report**
   b. **Get All Reports**

**18/04/2024**-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഓൺലൈനായി ഗ്രേസ്മാർക്ക് പരിശോധന പൂർത്തീകരിക്കേണ്ടതാണ്. എസ്.എസ്.എൽ.സി. ഗ്രേസ് മാർക്ക് ഓൺലൈൻ വെരിഫിക്കേഷൻ കൃത്യതയോടെ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### ടി.എച്ച്.എസ്.എൽ.സി ഗ്രേസ് മാർക്ക്

സർക്കുലറിൽ പറയും പ്രകാരം സ്കൂളുകളിൽ നിന്ന് എസ്.എസ്.എൽ.സി ഗ്രേസ് മാർക്ക് അപ്‌ലോഡ് ചെയ്യുന്ന അതേ രീതിയിൽ തന്നെയാണ് ടി.എച്ച് എസ്.എൽ.സി ഗ്രേസ് മാർക്കും അതാത് സ്കൂളുകളിൽ നിന്ന് എന്റർ ചെയ്യേണ്ടത്. സ്കൂളുകളിൽ നിന്നും ഗ്രേസ്മാർക്ക് ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് **02/04/2024 മുതൽ 11/04/2024**വരെ അവസരമുണ്ടായിരിക്കും. തുടർന്ന് ഓരോ വിഭാഗത്തിലേയും പ്രത്യേകം പ്രിന്റൗട്ടും എടുത്ത് സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പികളോടൊപ്പം **12/04/2024**-ന് വൈകിട്ട് 5 മണിക്ക് മുമ്പ് Technical Education Directorate – ൽ എത്തിക്കേണ്ടതാണ്.

Technical Education Directorate–ൽ **18/04/2024** ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഗ്രേസ്മാർക്ക് പരിശോധന പൂർത്തിയാക്കേണ്ടതും ഓരോ വിഭാഗ ത്തിലും ഗ്രേസ് മാർക്ക് അനുവദിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് അടങ്ങിയ കമ്പ്യൂട്ടർ പ്രിന്റൗട്ട് തരം തിരിച്ച് എടുത്ത് ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ നടപടി ഉത്തരവും സഹിതം **20/04/2024 ന്** മുമ്പായി പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്.

**<u>എസ്.എസ്.എൽ.സി. (എച്ച്.ഐ)ഗ്രേസ് മാർക്ക്</u>**

സർക്കുലറിൽ പറയും പ്രകാരം സ്കൂളുകളിൽ നിന്ന് എസ്.എസ്.എൽ.സി ഗ്രേസ് മാർക്ക് അപ്‌ലോഡ് ചെയ്യുന്ന അതേ രീതിയിൽ തന്നെയാണ് എസ്.എസ്.എൽ.സി (എച്ച്.ഐ) ഗ്രേസ് മാർക്കും അതാത് സ്കൂളുകളിൽ നിന്ന് എന്റർ ചെയ്യേണ്ടത്. സ്കൂളു കളിൽ നിന്നും ഗ്രേസ്മാർക്ക് ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് **02/04/2024** മുതൽ **11/04/2024** വരെ അവസരമുണ്ടായിരിക്കും. തുടർന്ന് ഓരോ വിഭാഗത്തിലേയും പ്രത്യേകം പ്രിന്റൗട്ടും എടുത്ത് സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പികളോടൊപ്പം **12/04/2024**–ന് വൈകിട്ട് 5 മണിക്ക് മുമ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ **18/04/2024** ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഗ്രേസ്മാർക്ക് പരിശോധന പൂർത്തിയാക്കേണ്ടതും ഓരോ വിഭാഗ ത്തിലും ഗ്രേസ് മാർക്ക് അനുവദിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് അടങ്ങിയ കമ്പ്യൂട്ടർ പ്രിന്റൗട്ട് തരം തിരിച്ച് എടുത്ത് ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടി ഉത്തരവ് സഹിതം **20/04/2024**–ന് മുമ്പായി പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്.

**<u>ടി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ) ഗ്രേസ് മാർക്ക്</u>**

സർക്കുലറിൽ പറയും പ്രകാരം സ്കൂളുകളിൽ നിന്ന് എസ്.എസ്.എൽ.സി ഗ്രേസ് മാർക്ക് അപ്‌ലോഡ് ചെയ്യുന്ന അതേ രീതിയിൽ തന്നെയാണ് ടി.എച്ച് എസ്.എൽ.സി (എച്ച്.ഐ) ഗ്രേസ് മാർക്കും അതാത് സ്കൂളുകളിൽ നിന്ന് എന്റർ ചെയ്യേണ്ടത്. സ്കൂളു കളിൽ നിന്നും ഗ്രേസ്മാർക്ക് ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് **02/04/2024** മുതൽ **11/04/2024** വരെ അവസരമുണ്ടായിരിക്കും. തുടർന്ന് ഓരോ വിഭാഗത്തിലേയും പ്രത്യേകം പ്രിന്റൗട്ടും എടുത്ത് സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പികളോടൊപ്പം **12/04/2024** ന് വൈകിട്ട് 5 മണിക്ക് മുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

Draft #17 of File C1/37795/23/DTE Approved by Senior Joint Director (PS) on 13-Mar-2024 05:48 PM - Page 7

വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ **18/04/2024** ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഗ്രേസ്മാർക്ക് പരിശോധന പൂർത്തിയാക്കേണ്ടതും ഓരോ വിഭാഗ ത്തിലും ഗ്രേസ് മാർക്ക് അനുവദിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് അടങ്ങിയ കമ്പ്യൂട്ടർ പ്രിന്റൗട്ട് തരം തിരിച്ച് എടുത്ത് ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടി ഉത്തരവ് സഹിതം **20/04/2024**-ന് മുമ്പായി പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്.

**സർക്കുലറിൽ പറഞ്ഞിരിക്കുന്ന അവസാന തീയതികൾക്കു ശേഷം ഗ്രേസ് മാർക്കിന്റെ എൻട്രിയോ വെരിഫിക്കേഷനോ നടത്താൻ കഴിയില്ല. ആയതിനാൽ തീയതിയും സമയക്രമവും കൃത്യമായി പാലിക്കേണ്ടതാണ്**

**ഗ്രേസ്മാർക്ക് അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ അപാകതയുള്ള അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡയറക്ടർ/വിദ്യാഭ്യാസ ഉപഡയറക്ടർ Reject ചെയ്യുന്നതും ആയത് HM ലോഗിനിൽ കാരണസഹിതം കാണാവുന്നതുമാണ്. അത്തരം അപേക്ഷകൾ സമയബന്ധിതമായി (അവസാന തീയതിയ്ക്കു മുമ്പായി) അപാകത പരിഹരിച്ച് Resubmit ചെയ്യേണ്ട ഉത്തരവാദിത്തം അതത് പ്രഥമാദ്ധ്യാപകർക്കായിരിക്കും**

**ഗ്രേസ്മാർക്കിന് അർഹരായ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ സ്കൂളുകളിൽ നിന്നും ഓൺലൈനായി enter ചെയ്യുകയും ബന്ധപ്പെട്ട രേഖകൾ നിശ്ചിത തീയതിക്കുള്ളിൽ വിദ്യഭ്യാസ ഡയറക്ടറുടെ/വിദ്യഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നൽകുകയും ചെയ്തിട്ടുണ്ടെന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.**

**ഗ്രേസ്മാർക്കിന് അർഹതയില്ലാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ യാതൊരു കാരണവശാലും സ്കൂളുകളിൽ നിന്നും ഓൺലൈനായി enter ചെയ്യാൻ പാടില്ല. അത്തരം പ്രഥമാധ്യാപകർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.**

**പരീക്ഷാ കമ്മീഷണർ**

പകർപ്പ് :

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ (with covering letter)
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
3. ഡയറക്ടർ, ഐ.എച്ച്.ആർ.ഡി
4. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
5. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ സ്കൂൾ പ്രധാന അദ്ധ്യാപകർക്കും
   (ഡി.ഡി.ഇ, ഡി.ഇ.ഒ ഓഫീസുകൾ, iExaMSപോർട്ടൽ HM ലോഗിൻ മുഖേന)
7. എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് / പ്രിൻസിപ്പാൾമാർക്ക്
   (ഡി.ഇ.ഒ ഓഫീസുകൾ, iExaMSപോർട്ടൽ HM ലോഗിൻ മുഖേന)
8. എല്ലാ എസ്.എസ്.എൽ.സി. (എച്ച്.ഐ) പരീക്ഷാകേന്ദ്രങ്ങൾക്കും
   (ഡി.ഇ.ഒ. ഓഫീസുകൾ, iExaMSപോർട്ടൽ HM ലോഗിൻ മുഖേന)
9. എല്ലാ ടി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ.) പരീക്ഷാകേന്ദ്രങ്ങൾക്കും
   (ഡി.ഇ.ഒ. ഓഫീസുകൾ, iExaMS പോർട്ടൽ HM ലോഗിൻ മുഖേന)



Draft #17 of File C1/37795/23/DTE Approved by Senior Joint Director (PS) on 13-Mar-2024 05:48 PM - Page 8